**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2202** — **07.07.2015 ൽ മറുപടിയ്ക്ക്**

**യുവസംരംഭക സംഗമം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ :**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്:**<br>**ശ്രീ. വി.റ്റി. ബൽറാം:**<br>**ശ്രീ. ഹൈബി ഈഡൻ:** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ യുവസംരംഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അഹമ്മദാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന Entrepreneurship Development Institute of India യുടെ സഹകരണത്തോടുകൂടി യുവസംരംഭക സംഗമം 2014 നവംബർ 17, 18 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ വച്ച് സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സംഗമം മുഖേന എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) യുവജനങ്ങൾ തൊഴിൽ അന്വേഷകർ ആകാതെ തൊഴിൽദാതാക്കളായി മാറുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകി പുതിയൊരു സംരംഭകത്വ സംസ്കാരം രൂപീകരിക്കുകയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് യുവസംരംഭക സംഗമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്തത് ; | സി) യുവ സംരംഭകർ അവരുടെ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ, ഇവ പരിഹരിക്കുന്നതിനുള്ള ചർച്ചകൾ, നിയമപരമായ സാധ്യതകൾ, വിജയകരമായി സംരംഭങ്ങൾ ആരംഭിച്ച് നടപ്പിലാക്കിയ അനുഭവങ്ങൾ പങ്കുവയ്ക്കൽ, മറ്റുള്ള യുവജനങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇവരുടെ അനുഭവങ്ങൾ വഴി പ്രചോദനം നൽകൽ തുടങ്ങിയ വിഷയങ്ങൾ ഈ സംഗമത്തിൽ ചർച്ച ചെയ്തു. |

| | | | |
|---|---|---|---|
| ഡി) | ഇതിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | ഡി) | തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിൽ ആദ്യഘട്ട പരിശീലനം നൽകിയിരുന്നു. തുടർന്ന് 2014-15 സാമ്പത്തിക വർഷം 9 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്) കൂടി പരിശീലനം നടത്തി വരുന്നു. 2015-16 സാമ്പത്തിക വർഷം ബാക്കി ജില്ലകളിൽ കൂടി പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ